പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 4. 04-02-2013 -ൽ മറുപടിക്ക്.

## ജസ്റ്റിസ് എം. രാജേന്ദ്രൻ നായർ കമ്മീഷൻ ശുപാർശ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. കെ. സദാശിവൻ:<br>" പി. കെ. ഗുരുദാസൻ:<br>" സി. കൃഷ്ണൻ:<br>" കെ. ദാസൻ: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) ഗ്രൂപ്പായി ഷാപ്പുകൾ ലേലം ചെയ്യുന്ന രീതി നിർത്തണമെന്നും തൊഴിലാളികളുടെ സഹകരണസംഘം വഴിയോ സർക്കാർ നിയന്ത്രിത ഏജൻസി വഴിയോ ശുദ്ധമായ കള്ള് വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കണമെന്നും ജസ്റ്റിസ് എം. രാജേന്ദ്രൻ നായർ കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ടോ; | (എ) ജസ്റ്റിസ് എം. രാജേന്ദ്രൻ നായർ കമ്മീഷൻ റിപ്പോർട്ട്, സർക്കാർ പരിശോധിച്ചു വരുന്നതേയുള്ളൂ . |
| (ബി) എങ്കിൽ ശുപാർശ അംഗീകരിച്ചിട്ടുണ്ടോ; ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് പ്രവർത്തിച്ചു വന്നിരുന്ന കള്ളുചെത്തുതൊഴിലാളി സഹകരണ സംഘങ്ങൾ എത്രയായിരുന്നു; ഇപ്പോൾ അവ കള്ളുഷാപ്പ് നടത്തുന്നുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണ്; വിശദമാക്കുമോ; | (ബി) കമ്മീഷൻ റിപ്പോർട്ട്, സർക്കാർ പരിശോധിച്ചു വരുന്നതേയുള്ളൂ.<br>ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ, കാസർകോഡ്, കോഴിക്കോട്, കണ്ണൂർ, എറണാകുളം എന്നീ ജില്ലകളിലായി 19 കള്ളു ചെത്തു തൊഴിലാളി സഹകരണ സംഘങ്ങൾ കള്ള്ഷാപ്പ് നടത്തിപ്പുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചു വന്നിരുന്നു. കള്ളുഷാപ്പുകളിലൂടെ ശുദ്ധമായ കള്ള് വിൽക്കുക, കള്ള്ചെത്ത് തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് കള്ള്ഷാപ്പ് നടത്തിപ്പിന് കള്ളു ചെത്തു തൊഴിലാളി സഹകരണ സംഘങ്ങളെ, ടി ജില്ലകളിൽ, പരീക്ഷണാടിസ്ഥാനത്തിൽ ചുമതലപ്പെടുത്തിയത്. എന്നാൽ, ടി ലക്ഷ്യങ്ങൾ നിറവേറ്റുന്നതിൽ അവ പൂർണ്ണമായും പരാജയപ്പെട്ടു എന്ന് സർക്കാരിന് ബോധ്യം വന്നതിന്റെ അടിസ്ഥാനത്തിലാണ്, ടി സഹകരണ സംഘങ്ങളെ കള്ള്ഷാപ്പ് നടത്തിപ്പിൽ നിന്നും ഒഴിവാക്കിയത്. |
| (സി) കമ്മീഷൻ ശുപാർശയുടെയടിസ്ഥാനത്തിൽ കള്ളു ചെത്തു തൊഴിലാളി സഹകരണ സംഘങ്ങളെ അവഗണിച്ച സർക്കാർ നിലപാട് പുന:പരിശോധിക്കാൻ തയ്യാറാകുമോ ? | (സി) കമ്മീഷൻ റിപ്പോർട്ട്, സർക്കാർ പരിശോധിച്ചു വരുന്നതേയുള്ളൂ. |

സെക്ഷൻ ഓഫീസർ